കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

24(*24) ഡോ: എൻ. ജയരാജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള പദ്ധതി ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിമാനത്താവളത്തിൽ ഏർപ്പെടുത്തിയ സാങ്കേതിക സംവിധാനങ്ങളുടെ പരിശോധന എന്നു നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ പരീക്ഷണ പറക്കൽ എന്നു നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളത്തിൽ രാജ്യാന്തര വിമാനസർവ്വീസ് എന്നു മുതൽ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സ്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) 1. 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിവരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 25 ന് ലാർസൺ ആന്റ് ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. പ്രവൃത്തി ഇപ്പോൾ 75% പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരം വരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ ആന്റ് ടൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് 22.07.2014-ന് നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 62% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽറ്റ് എന്നിവയുടെ ടെണ്ടർ ക്ഷണിച്ചു. ഏപ്രൺ, കൺട്രോൾ ടവർ എന്നിവ 80% പൂർത്തീകരിച്ചു.

4. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്കുവായ്പയായും സമാഹരിച്ചുകൊണ്ടിരിക്കുകയാണ്. എയർപോർട്ട് പി.എസ്.യു.-വിനുവേണ്ടി നീക്കിവച്ച 100 കോടിരൂപയിൽ 100 കോടി രൂപയ്ക്കുള്ള ധാരണാപത്രം 24.6.2015 ന് ഒപ്പുവച്ചു. സ്വകാര്യ മേഖലയ്ക്കുള്ള 300 കോടിരൂപയിൽ 178.30 കോടി രൂപയ്ക്കുള്ള ഷെയർ വിറ്റഴിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 892 കോടി രൂപ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യവുമായി ധാരണാപത്രം 20-5-2015 ന് ബാങ്കുകളും കിയാലും ഒപ്പുവച്ചു. മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റും എയർപോർട്ട് അതോറിറ്റിയുമായുള്ള ധാരണാപത്രത്തിലും ഒപ്പുവച്ചു.

5. പവർ സപ്ലൈ - എയർപോർട്ടിനുവേണ്ടി പവർ സപ്ലൈയ്ക്കും അനുബന്ധ പ്രവർത്തികൾക്കും വേണ്ടി 19.6 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കിയാൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇതുവരെ 80% പണി പൂർത്തിയായി.

6. ജലവിതരണം - എയർപോർട്ടിനുവേണ്ടി ജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ 10 കോടി രൂപ കിയാൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇതിനായുള്ള പണി 80% പൂർത്തിയായി.

7. ബി.പി.സി.എൽ.-കിയാൽ സംയുക്ത സംരംഭത്തിൽ ഫ്യൂവൽ ഫാം ആരംഭിക്കുന്നതിന് സംയുക്ത കമ്പനി രൂപീകരിച്ചു പ്രവൃത്തി നടത്തി മൊത്തത്തിൽ എയർപോർട്ട് പദ്ധതിയുടെ 62% പൂർത്തിയായി.

(ബി) കോഡ് ബി എയർക്രാഫ്റ്റിനുള്ള പരീക്ഷണപ്പറക്കലിനുള്ള സാങ്കേതിക പരിശോധന 30-1-2016-ന് ഡി.ജി.സി.എ. ഉദ്യോഗസ്ഥൻ നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2016 ഫെബ്രുവരിയിൽ പരീക്ഷണപ്പറക്കൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. (ഡി.ജി.സി.എ.-യുടെ ക്ലിയറൻസും മിനിസ്ട്രി ഓഫ് ഡിഫൻസിൽ നിന്നും എയർക്രാഫ്റ്റിന്റെ ലഭ്യതയുമനുസരിച്ചും)

(ഡി) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 2016 സെപ്തംബറിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

25(*25) ശ്രീ. വി. ടി. ബൽറാം:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 13-6-2014 ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ആരോഗ്യ കുടുംബക്ഷേമ ദേവസ്വം വകുപ്പുമന്ത്രി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

(ബി) വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ലഹരിമുക്തമായതും ആരോഗ്യവും അച്ചടക്കവുമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണ്. ഈ പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly